## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 227** — **06.01.2014 -ലെ മറുപടിക്ക്**

### കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽ പ്രതിഷേധിച്ചുള്ള ഹർത്താലുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.റ്റി.എ. റഹീം** | **ശ്രീ. രമേശ് ചെന്നിത്തല** (ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതിൽ പ്രതിഷേധിച്ച് 2013 നവംബർ 15-ന് നടന്ന മലയോര ഹർത്താലിനിടെ താമരശ്ശേരി, അടിവാരം മേഖലകളിൽ ഉണ്ടായ സംഭവങ്ങളെത്തുടർന്ന് പോലീസ് രജിസ്റ്റർ ചെയ്ത കേസുകൾ എത്രയാണ്; | (എ) 31 കേസുകൾ |
| (ബി) താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകൾ എത്ര; കേസുകളിലെല്ലാം കൂടി എത്ര പേർ പ്രതികളായിട്ടുണ്ട്; പ്രതികളിൽ ഇതിനകം അറസ്റ്റു ചെയ്യപ്പെട്ടവർ എത്ര; ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്ര; | (ബി) താമരശ്ശേരി, തിരുവമ്പാടി, കോടഞ്ചേരി സ്റ്റേഷനുകളിലായി രജിസ്റ്റർ ചെയ്യപ്പെട്ട മൊത്തം കേസുകൾ 45 എണ്ണം; കേസുകളിലെല്ലാം കൂടി 3834 പേർ പ്രതികളായിട്ടുണ്ട്; ഇതിൽ 38 പ്രതികളെ ഇതിനകം അറസ്റ്റു ചെയ്തിട്ടുണ്ട്; ഇനിയും അറസ്റ്റ് ചെയ്യുവാനായി 3796 പ്രതികൾ ബാക്കിയുണ്ട്. |
| (സി) ഫോറസ്റ്റ് റെയ്ഞ്ച് ആഫീസ് കത്തിക്കാനെത്തിയ സംഘം സഞ്ചരിക്കാനുപയോഗിച്ചവ ഉൾപ്പെടെ എത്ര വാഹനങ്ങളെ പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്; അവയിൽ പിടിച്ചെടുത്തവ എത്ര; ഈ കേസിലെ പ്രതികളിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെടാത്തവർ എത്ര; വിശദമാക്കാമോ? | (സി) ഏഴ് വാഹനങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. അവയിൽ രണ്ട് വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത താമരശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 915/2013 കേസിൽ 16 പ്രതികളെ അറസ്റ്റു ചെയ്തിട്ടുണ്ട്. 184 പ്രതികളെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ